DESPATCHED On.10/2/23..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 474(2)/2020**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4097**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഉമ്മർ ഏറാമല,
പുളിഞ്ഞോളി ഹൗസ്, പോസ്റ്റ് ഏറാമല,
ഓർക്കാട്ടേരി – 673 501. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,
മുഖ്യ കാര്യാലയം,
വി.ഐ.പി.റോഡ്, കലൂർ,
കൊച്ചി – 682 017.

2. അപ്പീൽ അധികാരി&
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,
വി.ഐ.പി.റോഡ്, കലൂർ,
ഹെഡാഫീസ്, എറണാകുളം – 682 017

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.11. 2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.12. 2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.01.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.03. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11. 03.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 13.03. 2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 21.11.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 5 ഏക്കറിൽ കൂടുതലുള്ളതുമായ വഖഫ് വസ്തുക്കളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് 26.02.2017നു നടന്ന മുതവല്ലിമാരുടെ യോഗം സംബന്ധിച്ച്;

1) (2017–18 കേരളാ സ്റ്റേറ്റ് വഖഫ് ബോർഡ് വാർഷിക റിപ്പോർട്ട്) മേൽ യോഗ തീരുമാന രജിസ്റ്ററിന്റെ പകർപ്പ്,

2) മേൽപ്പടി റിപ്പോർട്ട് പ്രകാരം 5 ഏക്കറിൽ കൂടുതൽ വസ്തുക്കളുള്ള സംസ്ഥാനത്തെ വഖഫുകളുടെ എണ്ണവും, രജിസ്ട്രേഷൻ നമ്പറും, വിലാസ വും,

3) മേൽ മുതവല്ലിയോഗ തീരുമാനപ്രകാരം 5 ഏക്കറിൽ കൂടുതൽ വസ്തുക്കളുള്ള സംസ്ഥാനത്തെ ഏതെങ്കിലും വഖഫുകളിൽ വികസന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ പേരും, രജിസ്ട്രേഷൻ നമ്പറും, വിലാസവും,

4) മേൽ യോഗപ്രകാരം സംസ്ഥാനത്തെ ഏതെങ്കിലും വഖഫുകളിൽ വികസന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ പേരും, രജിസ്ട്രേഷൻ നമ്പരും, വിലാസവും നൽകണമെന്നുമാണ്.

ആയതിന് 12.12.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാൻ സമർപ്പിച്ച അപേക്ഷയിൽ ധാരാളം വിവരങ്ങളും രേഖകളും ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും വിവരാവകാശ നിയമം വകുപ്പ് 7(9) പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ ഓഫീസിന്റെ നിവൃത്തി മാർഗ്ഗങ്ങളെ വ്യതിച ലിപ്പിക്കുന്നില്ലായെങ്കിൽ മാത്രം വിവരം ലഭ്യമാക്കിയാൽ മതിയെന്ന് വ്യക്തമാക്കുന്നുണ്ടെന്നാണ്. ഹർജിക്കാരൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക ജീവനക്കാരെ നിയമിക്കേണ്ടതായി വരുന്നത് മൂലം ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ വിവരാ വകാശ നിയമം വകുപ്പ് 2(ജെ) പ്രകാരം ടി ഓഫീസിൽ മുൻകൂട്ടി അറിയിച്ച് നേരിട്ട് ഹാജരായി ഫയലുകൾ പരിശോധിച്ചു ബോധ്യപ്പെടാവുന്നതാ ണെന്നും കൂടാതെ നിയമാനുസൃത ഫീസൊടുക്കി ലഭ്യമായ വിവരങ്ങളും രേഖകളും ശേഖരിക്കാവുന്നതാണെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി അറിയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 11.03.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നൽകാൻ ഉത്തരവാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ 16.01.2020ന് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നുമാണ്.

വഖഫ് വസ്തുക്കളിൽ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് 26.02.2017-ാം തീയിതയിൽ മുതവല്ലിമാർക്കായി സംഘടിപ്പിച്ച വഖഫ് ഡെവലപ്മെന്റ് മീറ്റിംഗ് യോഗ തീരുമാനത്തിന്റെ പകർപ്പും 5 ഏക്കറിൽ കൂടുതലുള്ള സംസ്ഥാനത്തെ വഖഫുകളുടെ എണ്ണവും രജിസ്ട്രേഷൻ നമ്പരും അവയിൽ വികസന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ ടി വഖഫുകളുടെ പേരും, രജിസ്ട്രേഷൻ നമ്പരും മേൽപ്രകാരം വികസനപ്രവർത്തനം പൂർത്തിയാക്കിയ വഖഫുകളുടെ പേരും ആർ.എ. നമ്പരുമാണ് ടിയാൻ ആവശ്യപ്പെട്ടതെന്നാണ്.

ടി വിഷയം സംബന്ധിച്ച് എതിർകക്ഷിയുടെ ഫയൽ പരിശോധിച്ചതിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ 23.11.2019ന് കോഴിക്കോട് എസ്.പി.ഐ.ഒ. മുമ്പാകെ ലഭിച്ചതായും ആയതിന്റെ പകർപ്പ് 26.11.2019ന് എറണാകുളം എസ്.പി.ഐ.ഒ. മുമ്പാകെ ലഭിച്ചതിൽ ടിയാന് ആവശ്യമുള്ള വിവരങ്ങൾ ഓഫീസിൽ നേരിട്ട് ഹാജരായി ഫയലുകൾ പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നുള്ള വിവരം 12.12.2019ലെ കത്തിലൂടെ ടിയാനെ സമയബന്ധിതമായി അറിയിച്ചിട്ടുള്ളതാണെന്ന വിവരം ഒന്നാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമാണ്.

ഒന്നാം അപ്പീലും, അപേക്ഷയും, എതിർകക്ഷിയുടെ ഫയലും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ എതിർകക്ഷി മന:പ്പൂർവ്വം വിവരങ്ങൾ നിഷേധിച്ചിട്ടില്ലെന്ന് ബോധ്യം വന്നിട്ടുള്ളതാണെന്നും വിവരാവകാശ നിയമത്തിലെ 7(9) വകുപ്പ് പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെടുന്ന വിവരം ഓഫീസിലെ നിവൃത്തി മാർഗ്ഗത്തെ അനുയോജ്യമല്ലാത്ത വിധം ബാധിക്കുകയാണെങ്കിൽ വിവരം ലഭ്യമാക്കേണ്ടതില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ ടിയാന് ആവശ്യമുള്ള പക്ഷം വിവരാവകാശ നിയമം വകുപ്പ് 2(ജെ) പ്രകാരം എതിർകക്ഷിയുമായി മുൻകൂട്ടി ആലോചിച്ച് ദിവസവും സമയവും

നിശ്ചയിച്ച് ഓഫീസിൽ ഹാജരായി ടിയാന് ആവശ്യമുള്ള എല്ലാ വിവരങ്ങളും ഫയലുകൾ പരിശോധിച്ച് ലഭ്യമാക്കാവുന്നതാണെന്നും അപ്രകാരം ടിയാൻ ഹാജരാവുന്ന പക്ഷം എതിർകക്ഷി ഫയൽ പരിശോധിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കേണ്ടതാണെന്നുമാണ്. ഫയൽ പരിശോധനയുടെ ആദ്യത്തെ ഒരു മണിക്കൂർ സൗജന്യവും തുടർന്ന് വരുന്ന ഓരോ 30 മിനുറ്റിനും 10/- രൂപാ വീതവും അപ്പീൽ വാദി എതിർകക്ഷിയുടെ ഓഫീസിൽ അടയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ച് അപ്പീൽ ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം നമ്പർ 1, 2 എന്നിവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ മറുപടി നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 17.01.2023ൽ മറുപടി നൽകിയതായി കമ്മീഷനെ കത്തു മുഖാന്തിരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ജനുവരി 27-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി(ധനകാര്യം)
Ge/